**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 458** **08-10-2024 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര ഗവ: ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര ഗവ: ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ കിഫ്‌ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന പുതിയ ഹൈസ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി വൈകുന്നതിന്റെ കാരണം വിശദമാക്കാമോ? | (എ) | നെയ്യാറ്റിൻകര ഗവ: ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ കിഫ്‌ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പുതിയ സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തിയ്ക്ക് 26.02.2021 ൽ കിഫ്‌ബി 2,98,34,511/- രൂപയുടെ ധനാനുമതി നൽകിയിരുന്നു. 06.05.2023 ൽ പദ്ധതിക്ക് 3,88,17,220/- രൂപയുടെ പുതുക്കിയ ധനാനുമതിയും നൽകിയിരുന്നു. തുടർന്ന് പദ്ധതി നിർവ്വഹണ ഏജൻസിയായ കില സാങ്കേതിക അനുമതി ലഭ്യമാക്കി ടി പ്രവൃത്തി 03-10-2023 ന Tender ചെയ്യുകയും 13-12-2023 ന കരാറുകാരന് Selection Notice അയക്കുകയും ചെയ്തിരുന്നു. ആയത് പ്രകാരം 29-12-2023 ന കരാറുകാരനുമായി പദ്ധതി നിർവ്വഹണ ഏജൻസി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുന്നോടിയായി നടത്തിയ മണ്ണ് പരിശോധനയിൽ നിലവിൽ നൽകിയിരിക്കുന്ന Foundation അപര്യാപ്തമാണെന്ന് കണ്ടെത്തുകയും, ആയത് പ്രകാരം പദ്ധതി നിർവ്വഹണ ഏജൻസി Foundation Design-ൽ മാറ്റം വരുത്തി ആയതിനു സാങ്കേതിക അനുമതി കമ്മിറ്റിയിൽ നിന്നും അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. അടുത്ത ഘട്ടമായി ടി പദ്ധതിയുടെ PED അംഗീകാരത്തിനായി കിഫ്‌ബിയിൽ സമർപ്പിച്ച് അംഗീകാരം നേടി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ പദ്ധതി നിർവ്വഹണ ഏജൻസി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ